കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

തൃശ്ശൂർജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 19/2020(37),ചൊവ്വാഴ്ച്ച **തീയ്യതി 05.05.2020**

കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 12.0 മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 33.7മുതൽ 36.3 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.2 മുതൽ 26.2 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 83 മുതൽ 93 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 51 മുതൽ 60 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.3 മുതൽ 3.3 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.3 മുതൽ 10.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.3 മുതൽ 5.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

കാലാവസ്ഥാ ഘടകങ്ങൾ	06.05.2020	07.05.2020	08.05.2020	09.05.2020	10.05.2020
മഴ (മില്ലി.മീറ്റർ)	2	0	3	0	0
ഉയർന്ന താപനില (°C)	36	36	36	36	36
കുറഞ്ഞ താപനില (°C)	26	26	26	26	26
കൂടിയ അന്തരീക്ഷ ആർദ്രത (%)	81	81	81	81	81
കുറഞ്ഞ അന്തരീക്ഷ ആർദ്രത (%)	62	62	62	62	62
കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ)	8	10	10	10	10
കാറ്റിന്റെ ദിശ (ഡിഗ്രി)	250	250	250	270	250
മേഘവ്യാപ്തി (ഒക്ട)	8	7	7	6	6

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.വിളഞ്ഞുപാകമായ നെല്ല് വൈകാതെ കൊയ്തെടുക്കുക.വൈക്കോൽ,കൊപ്ര,അടയ്ക്ക മുതലായവ മഴ നനയാതെ സൂക്ഷിക്കുക.മണ്ണിൽ ഈർപ്പം നിലനിർത്താൻ പുതയിടുക.

കാർഷിക നിർദ്ദേശങ്ങൾ:

വിളകൾ	രോഗ കീടങ്ങൾ	കാർഷിക നിർദ്ദേശങ്ങൾ
പൊതുനിർദ്ദേശങ്ങൾ: വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.		
തെങ്ങ്		അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽനിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക്ചുറ്റും തടിയിൽനിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനുമുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25കി.ഗ്രാം എന്നതോതിൽ ഓരോവർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും.
	കൊമ്പൻചെല്ലി	തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം250 ഗ്രാം വേപ്പിൻ പിണ്ണാക്ക് തുല്ല്യ അളവിൽ നേർത്ത മണലുമായി (250 ഗ്രാം)ചേർത്ത് കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ഇത് ആവർത്തിക്കേണ്ടതാണ്.(ജനുവരി,മെയ്,സെപ്റ്റംബർ,ഒക്ടൊബർ)അല്ലെങ്കിൽ നാഫ്തലിൻ/പാറ്റഗുളികകൾ 120 ഗ്രാം (ഏശദേശം 4 എണ്ണം)45 ദിവസത്തിലൊരിക്കൽ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നേർത്ത മണലോടുകൂടി മൂടുകയും ചെയ്യാം.അല്ലെങ്കിൽ വളം കുഴികളിൽ മെറ്റാറൈസിയം അനൈസൊപ്ളിയേ(250 മി.ല്ലി. മെറ്റാറൈസിയം കൾച്ചർ+750 മി ല്ലി. വെള്ളം) തളിക്കുക.
വാഴ	ഇലപ്പുള്ളി രോഗം	വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക..
ഇഞ്ചി, മഞ്ഞൾ	-	ഇഞ്ചിയും മഞ്ഞളും നടാൻ സ്ഥലം ഒരുക്കാം. മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ്/സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക.
പച്ചക്കറികൾ	-	പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നതു വഴി കുമിൾരോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ്